File No.TRANS-B2/145/2020-TRANS

173672/2021

"ഭരണഭാഷ- മാതൃഭാഷ"

C1

കേരള സർക്കാർ

ഗതാഗത (ബി) വകുപ്പ്

നമ്പർ.ബി2/145/2020-ഗതാ.

02/01/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഗതാഗത കമ്മീഷണർ

തിരുവനന്തപുരം

സർ,

വിഷയം:- ഗതാഗത വകുപ്പ്- പോസ്റ്റേജ് ഓൺലൈൻ ആയി സ്വീകരിച്ച് ചിലവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 16.12.2020 തീയതിയിലെ ബി2/224/2020-ഗതാ. നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകൽ / പുതുക്കൽ തുടങ്ങി ലൈസൻസുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും വാഹന രജിസ്ട്രേഷൻ സംബന്ധിച്ച സേവനങ്ങളും 2021 ജനുവരി മുതൽ പൂർണ്ണമായും ഓൺലൈനിലേക്ക് മാറ്റേണ്ടതും നിലവിൽ പോസ്റ്റേജ് സ്റ്റാമ്പ് ഒട്ടിച്ച കവർ ലഭ്യമാക്കണമെന്ന നിബന്ധന ഒഴിവാക്കുന്നത് പൂർണമായ ഓൺലൈൻ സേവനം ഉറപ്പാക്കാൻ അനിവാര്യമാണ്. പോസ്റ്റേജിന് ആവശ്യമായ തുക കൂടി ഓൺലൈനിൽ സ്വീകരിക്കുകയും പ്രസ്തുത തുക ചെലവഴിച്ച് രേഖകൾ അയക്കുകയും ചെയ്യുന്നത് ജനങ്ങൾക്ക് പ്രയോജനകരമാണ്.

ആയതിനാൽ പോസ്റ്റേജ് ഓൺലൈൻ ആയി സ്വീകരിച്ച് ചിലവ് ചെയ്യുന്നതിനുള്ള നടപടികൾ 2021 ജനുവരി ആദ്യവാരം മുതൽ തന്നെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും നടപ്പിൽ വരുത്തേണ്ടതാണ്. ഏതെങ്കിലും തരത്തിൽ പൊതുജനങ്ങളിൽ നിന്നും തപാൽ ഫീസ് ഈടാക്കുന്ന അപേക്ഷകൾ പ്രകാരമുള്ള രേഖകൾ നേരിട്ടോ ഏജന്റ് മുഖേനയോ നല്കാൻ പാടില്ലാത്തതും അത്തരത്തിൽ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് ഓഫീസ് മേലധികാരിയും തപാൽ സെക്ഷന്റെ ചുമതലക്കാരനും ഉത്തരവാദിയായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

BINDU.R.

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.